മിസ്റ്റർ എ. മാധവപ്രഭു: നിശ്ചയമില്ല.

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ: എത്രകൊല്ലമായി ഈ കൂടുതൽ ചുങ്കം പിരിവ് തുടങ്ങിയിട്ട് എന്നു പറയുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ എ. മാധവപ്രഭു: ഈ ടോൾ തുടങ്ങിയതുമുതലുണ്ട്.

മിസ്റ്റർ എ. ബി. സേലം: ബ്രിട്ടീഷിൽ ടോളില്ലെന്നു ഗവൺമെൻറിനറിയാമൊ?

മിസ്റ്റർ എ. മാധവപ്രഭു: അടുത്തകാലത്താണ് അവിടെ ഇല്ലാതായതു്.

മിസ്റ്റർ എ. ബി. സേലം: അതുപോലെ ഇവിടേയും ഇല്ലാതാക്കാമൊ?

Mr. A. Madhava Prabhu *(Diwan Peishkar):* That is a wider question. I cannot answer that off-hand.

മിസ്റ്റർ പി. കെ. മാധവമേനൻ: വേനൽക്കാലത്തു രണ്ടു സാധനങ്ങൾ ഒരു വാഹനത്തിൽ കയറ്റികൊണ്ടുപോയാൽ കൂടുതൽ ടോൾ പിരിക്കുന്നതു ശരിയാണൊ?

മിസ്റ്റർ എ. മാധവപ്രഭു: അങ്ങിനെ ഇപ്പോഴില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വേനൽക്കാലത്തു അധികം സാമാനം കൊണ്ടുപോകുന്ന വാഹനങ്ങൾക്കു് അധികം ടോൾ വാങ്ങിക്കുന്നുണ്ടൊ?

മിസ്റ്റർ എ. മാധവപ്രഭു: ഇല്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: വഷ്ക്കാലത്തു കൊണ്ടുപോയാൽ കൊടുക്കേണ്ടിവരുമൊ?

മിസ്റ്റർ എ. മാധവപ്രഭു: ഉവ്വ്.

KOLE CULTIVATION—DAMAGE DUE TO WATER SCARCITY—REVENUE REMISSION

219. മിസ്റ്റർ സി. കുഞ്ഞൻ നമ്പൂതിരിപ്പാട്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ഗവൺമെൻറിൽനിന്നും ദയവുചെയ്തു് മറുപടി പറയുമോ.—

(എ) ഈ കൊല്ലത്തെ കോൾകൃഷിക്കു് ജലദൌർല്ലഭ്യം മൂലം നേരിട്ട അസാധാരണമായ വിളവുനാശത്തെക്കുറിച്ചു് ഗവൺമെൻറു് അറിഞ്ഞിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ വിളവുനാശത്തെ പരിഗണിച്ചു് ഗവൺമെൻറിനു് ഗണ്യമായ ഒരു നികുതി ഇളവുചെയ്യുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ എ. മാധവപ്രഭു:

(എ) വിളവുനാശം പരക്കെ ഉണ്ടായിട്ടില്ല. കൃഷി തുടങ്ങിയതു താമസിച്ചായതുകൊണ്ടും കുംഭം, മീനം എന്നീ മാസങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

മഴ ഇല്ലാതിരുന്നതുകൊണ്ടും, ചില ഭൂമികളിൽ വിളവു് കുറഞ്ഞിട്ടുണ്ടു്.

(ബി) വിളവു കുറഞ്ഞിട്ടുള്ളതു വേണ്ടസമയത്തു കൃഷി തുടങ്ങാതിരുന്നതിനാലാണു്. കുറവു് പരക്കെ ഇല്ല. അതിനാൽ നികുതിഇളവിന്റെ കാര്യത്തെപ്പറ്റി ആലോചിക്കേണ്ടതില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരിപ്പാടു്: കൃഷി തുടങ്ങുവാൻ താമസിച്ചതു് ആരുടെ കുറ്റമാണെന്നു് പറയാമോ?

മിസ്റ്റർ എ. മാധവപ്പട്ട: തുടങ്ങുന്ന ആളുകളോടു ചോദിച്ചാലറിയാം.

മിസ്റ്റർ സി. എൻ. ഇട്ടിരവിനമ്പൂതിരിപ്പാടു്: കൃഷി തുടങ്ങിയതു് താമസിച്ചായതുകൊണ്ടും കൂടാം, മീനം മാസങ്ങളിൽ മഴയില്ലാതിരുന്നതുകൊണ്ടുമാണു് കൃഷി നശിച്ചതു് എന്നു പറഞ്ഞിട്ടുണ്ടു്. താമസിച്ചു കൃഷിനടത്തിയ ആൾക്കു് കൊടുക്കണ്ട. മഴയില്ലാത്തതുമൂലം വിളവുനാശം വന്നിട്ടുള്ളവർക്കെങ്കിലും എന്തെങ്കിലും ഇളവുചെയ്തുകൊടുക്കുവാൻ ഭയമുണ്ടാകുമോ?

മിസ്റ്റർ എ. മാധവപ്പട്ട: ലാണ്ടു് റവന്യൂ മാന്വലിൽപ്രകാരം അങ്ങിനെ കൊടുക്കാൻ പാടില്ല. The provision in the Land Revenue Manual is.—"Detailing the nature and causes of widespread" ഓരോരുത്തന്റെ കൃഷിക്കു നാശംപറ്റിയാൽ കൊടുക്കാൻ പാടില്ല.

മിസ്റ്റർ സി. എൻ. ഇട്ടിരവി നമ്പൂതിരി: ഇതു് കൃഷിക്കാരുടെ കുറ്റംകൊണ്ടുണ്ടായിട്ടുള്ളതല്ലല്ലൊ?

മിസ്റ്റർ എ. മാധവപ്പട്ട: അതിനു ഇവിടെ പറഞ്ഞിട്ടുണ്ടു്. "Necessary deductions were then made therefrom on account of vicissitudes of season, unprofitable areas and cultivation expenses" ഇങ്ങിനെയുള്ളതിനൊക്കെ ഒരു ശതമാനം കുറച്ചിട്ടാണു് നികുതിയും നിശ്ചയിച്ചിട്ടുള്ളതു്. അധികം നാശം പറ്റീട്ടുണ്ടെങ്കിൽ മാത്രമെ നികുതിഇളവുചെയ്യുന്നതിനു ദിവാൻപേഷ്കാരെ റക്കമെൻഡു ചെയ്യുവാൻ പാടുള്ളൂ.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസേട്ട്: കൃഷി സമയത്തു് നടത്താഞ്ഞതു മഴയില്ലാഞ്ഞതു് കൊണ്ടല്ലേ; അല്ലാതെ അവരുടെ കുറ്റം കൊണ്ടാണൊ?

മിസ്റ്റർ എ. മാധവപ്പട്ട: അവരുടെ കുറ്റം കൊണ്ടും വരാം. മഴയില്ലാഞ്ഞതുകൊണ്ടും പറ്റിട്ടുണ്ടാകാം.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മുകുന്ദപുരം, തൃശ്ശിവപേരൂർ ഈ താലൂക്കുകളിലെ കോൾകൃഷികളിൽ കുറെയെല്ലാം തീരെ നശിച്ചതായിട്ടു് സർക്കാരിനറിയാമൊ?

മിസ്റ്റർ എ. മാധവപ്പട്ട: എല്ലാം നശിച്ചിട്ടില്ല. കുറച്ചു നാശം പറ്റീട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ : തീരെ നശിച്ചിട്ടുള്ള സ്ഥലത്തെങ്കിലും നികുതി ഇളവെ യ്യ കൊടുക്കുവാൻ ഒയവുണ്ടാകുമോ ?

മിസ്റ്റർ എ. മ ധവപ്രഭു : ചില ആളുകൾക്കായിട്ട് കൊടുക്കുവാൻ പ റഞ്ഞിട്ടില്ല. നാശം Widespread ആയിട്ടുണ്ടെങ്കിൽ മാത്രമെ കൊടുക്കാൻ പറഞ്ഞിട്ടുള്ളൂ.

മിസ്റ്റർ ഇസ്മായിൽ ഹാജി ഇബ്രാഹിംസാഹിബ് : അപ്പോൾ എല്ലാംകൂടി ഒന്നിച്ചു നശിച്ചാലേ കൊടുക്കുവാൻ പാടുള്ളുവെന്നാണോ ?

CHELLANAM CATTLE-POUND—IMPOUNDING OF STRAY CATTLE

220. Mr. A. B. Salem *(Mattancheri):* Will the Government be pleased to state.—

(*a*) is there a cattle pound run by the Panchayat in charge of the Chellanam village;

(*b*) if so, will the Government be pleased to state the number of cattle impounded in it during the last six months;

(*c*) has the Government received any complaint regarding the difficulties experienced by agricultural ryots on account of stray cattle?

Mr. A. Madhava Prabhu *(Diwan Peishkar):*

(*a*) No. But there is one under the control of the Revenue Department.

(*b*) 26.

(*c*) No.

MAHARAJA'S COLLEGE—STUDENTS WITH ARABIC AS SECOND LANGUAGE

221. മിസ്റ്റർ കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഗവൺമെൻറ് ദയവായി മറുപടി പറയുമോ.—

(എ) എറണാകുളം മഹാരാജാസ് കോളേജിൽ അറബ് സെക്കൻറ് ഭാഷയായി എസ്സ്. എസ്സ്. എൽ. സി. പാസ്സായി ഇൻറർമീഡിയറ്റ് എത്ര കുട്ടികൾ ചേർന്നിട്ടുണ്ട് ;

(ബി) എത്ര മുസ്ലീം കുട്ടികൾക്ക് പ്രവേശനം നിരസിച്ചിട്ടുണ്ട് ;

(സി) ഇപ്പോൾ അറബ് എടുക്കാവുന്ന കുട്ടികൾ കോളേജ് ക്ലാസ്സുകളിൽ ആകെ എത്രയുണ്ട് ?

ശ്രീമതി സുഹ്റാബീവി സാഹിബ് വെ. എൻ. മേനോൻ : (എ) ൩ (മൂന്ന്).

LIBRARY ARCHIVES Kerala Legislative Assembly